14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *2 07.08.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ എം.ബി.ബി.എസ്. ഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ട് ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി നിശ്ചയിച്ച താല്ക്കാലിക ഫീസ് ചുവടെ ചേർക്കുന്നു.<br>ബി.ഡി.എസ് (85% സീറ്റുകൾ) - ₹2.9 ലക്ഷം<br>ബി.ഡി.എസ് (15% NRI സീറ്റുകൾ) - ₹6 ലക്ഷം വരെ<br>എം.ബി.ബി.എസ് (85% സീറ്റുകൾ) - ₹ 5 ലക്ഷം<br>എം.ബി.ബി.എസ് (15% NRI സീറ്റുകൾ) - ₹ 20 ലക്ഷം |
| (ബി) 2017 ലെ 14-ാം നമ്പർ ഓർഡിനൻസിലെ നിബന്ധന- കൾക്ക് വിധേയമായിട്ടാണോ ഈ കോഴ്സുകളുടെ ഫീസ് വർദ്ധന ഉത്തരവായത്; | (ബി) 2017 – ലെ 14-ാം നമ്പർ ഓർഡിനൻസിലെ നിബന്ധനകൾക്ക് വിധേയമായാണ് താല്ക്കാലിക ഫീസ് നിശ്ചയിച്ചിരിക്കുന്നത്. |
| (സി) ഇതിനുമുമ്പ് 2017 ജൂൺ 26, 27 തീയതികളിൽ സമിതി സ്വാശ്രയ എം.ബി.ബി.എസ്., ബി.ഡി.എസ്. ഫീസ് നിർണ്ണയിച്ച് ഉത്തരവായിരുന്നോ; അന്ന് നിശ്ചയിച്ച ഫീസ് നിരക്ക് എത്രയായിരുന്നു; | (സി) ഉത്തരവായിരുന്നു.<br>ബി.ഡി.എസ് (85% സീറ്റുകൾ)- ₹2.5 ലക്ഷം<br>ബി.ഡി.എസ് (15% NRI സീറ്റുകൾ) - ₹6 ലക്ഷം വരെ<br>എം.ബി.ബി.എസ് (85% സീറ്റുകൾ) - ₹5.5 ലക്ഷം<br>എം.ബി.ബി.എസ് (15% NRI സീറ്റുകൾ) - ₹ 20 ലക്ഷം |

| | | | |
|---|---|---|---|
| (ഡി) | ക്രൈസ്തവ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകളുടെ ഫീസ് നിരക്ക് സംബന്ധിച്ച് 2015 ൽ സർക്കാരുമായി ഒപ്പുവച്ച എഗ്രിമെന്റ് പ്രകാരം പ്രസ്തുത കോളേജുകളിൽ ഈ വർഷം എം.ബി.ബി.എസ് ന് ഈടാക്കുന്ന ഫീസ് എത്രയായിരുന്നു; | (ഡി) | ക്രൈസ്തവ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകളുടെ ഫീസ് നിരക്ക് സംബന്ധിച്ച് 2015 ൽ സർക്കാരുമായി ഒപ്പുവച്ച കരാർ പ്രകാരം എം.ബി.ബി.എസ്-ന് 4,85,000 രൂപയും എൻ.ആർ.ഐ സീറ്റുകൾക്ക് 13,00,000 രൂപയും ഈടാക്കാനാവുന്നതാണ്. |
| (ഇ) | പ്രസ്തുത എഗ്രിമെന്റിൽ സമ്മതിച്ച ഫീസിന് മുകളിലുള്ള ഫീസ് പ്രസ്തുത നാല് കോളേജുകൾക്ക് ഇപ്പോൾ അനുവദിച്ച് നൽകിയതിന്റെ പ്രത്യേക സാഹചര്യമെന്തായിരുന്നു; | (ഇ) | എൻ.ആർ.ഐ ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലും കോമൺ കൗൺസലിംഗ് നടത്തുന്നത് പ്രവേശന പരീക്ഷാ കമ്മീഷണർ ആയതിനാൽ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നടത്താനുള്ള അവകാശം മാനേജുമെന്റുകൾക്ക് നഷ്ടപ്പെട്ട സാഹചര്യത്തിൽ മുൻകരാറിന്റെ സാധുത ഇല്ലാതായി എന്നാണ് ക്രിസ്ത്യൻ മാനേജ്മെന്റ് അസോസിയേഷൻ സ്വീകരിച്ചിരിക്കുന്ന നിലപാട്. പ്രവേശന-ഫീസ് നിയന്ത്രണ സമിതി 5 ലക്ഷം രൂപ താല്ക്കാലിക ഫീസ് നിശ്ചയിച്ചതിനെതിരെ ക്രൈസ്തവ മാനേജുമെന്റുകൾ സമർപ്പിച്ച ഹർജിയിൽ അവരുടെ ഭാഗം കൂടി കേട്ട് തീരുമാനം കൈക്കൊള്ളുവാൻ പ്രസ്തുത സമിതിക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | 2017 ജൂൺ 27 ന് നിശ്ചയിച്ച ഫീസ് നിരക്കിനേക്കാൾ ഉയർന്ന ഫീസ് സ്വാശ്രയ ബി.ഡി.എസ്. കോഴ്സുകൾക്ക് 2017 ജൂലൈ 13-ാം തീയതിയിലെ ഉത്തരവിലൂടെ രാജേന്ദ്രബാബു കമ്മിറ്റി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഉണ്ട്. മുൻകാല കാരാറുകൾ പരിശോധിച്ചും, സ്വാശ്രയ ദന്തൽ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് ബി.ഡി.എസ്. കോഴ്സിനുള്ള 85% സീറ്റുകളിലെ ഒരു വർഷത്തെ ശരാശരി ഫീസ് 2.9 ലക്ഷം രൂപയായി ഫീ റഗുലേറ്ററി കമ്മിറ്റി കണക്കാക്കിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**